# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1914 08.12.2014-ൽ മറുപടിക്ക്

## സിവിൽ സർവ്വീസ് ആഫീസർമാരുടെ ഒഴിവുകൾ

ചോദ്യം

**ശ്രീ. ബാബു എം.പാലിശ്ശേരി**

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സിവിൽ സർവ്വീസ് ആഫീസർമാരുടെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ;

(ബി) ഇതിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ആഫീസർമാരുടെ ഒഴിവുകൾ എത്ര എണ്ണം വീതമുണ്ട് ;

(സി) സിവിൽ സർവ്വീസ് ആഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് നിമിത്തം ഭരണരംഗത്ത് നിശ്ചലാവസ്ഥ സംജാതമാകും എന്നതു കണക്കിലെടുത്ത് ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

മറുപടി

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ) യും (ബി) യും സംസ്ഥാനത്ത് സിവിൽ സർവ്വീസ് ഓഫീസർമാരിൽ 83 ഐ.എ.എസുകാരുടെയും, 36 ഐ.പി.എസ്.ഉദ്യോഗസ്ഥരുടെയും, 26 ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെയും ഒഴിവുകളും കേരളാ സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്)-ൽ ഉൾപ്പെടുന്ന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്.

(സി) കേരളാ സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്)-ൽ ഉൾപ്പെടുന്ന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവ് ബൈ-ട്രാൻസ്ഫർ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ.എ.എസ്. / ഐ.പി.എസ്. / ഐ.എഫ്.എസ്. എന്നീ വിഭാഗങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ നൽകി വരുന്നതിനാൽ ഭരണരംഗത്ത് നിശ്ചലാവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ